## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം

273 (5524) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പരിപാടിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

### ഉത്തരം

(എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ 14 ജില്ലാ യുവജനകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുതപരിപാടി മുഖേന താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു.

1. യുവജനങ്ങളിൽ പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തെപ്പറ്റി ഒരു അവബോധം സൃഷ്ടിക്കുക.
2. പ്രകൃതിയെ സംരക്ഷിക്കുക.
3. പരിസരം മാലിന്യമുക്തമാക്കുന്നതിനുള്ള പ്രചോദനം നൽകുക.
4. പ്രകൃതിയെ അമിത ചൂഷണത്തിന് വിധേയമാക്കുന്നതിൽ നിന്നും പിൻതിരിയുന്നതിന് അറിവ് പകരുക.

(സി) പരിസ്ഥിതി സംരക്ഷണ സന്ദേശമുയർത്തി കൂട്ടയോട്ടം, വൃക്ഷത്തൈ വിതരണം, ഉപന്യാസ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) യുവജനക്ഷേമ ബോർഡ്, എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പരിസ്ഥിതി കമ്മിറ്റി, ജീവൻ ടി.വി, എൻ.എസ്.എസ്. യൂണിറ്റ്, സി. അച്യുതമേനോൻ സ്മാരക സർക്കാർ കോളേജ്, വിവിധ യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly